# സുഖ്മണി കൊഹ്ലി ചിരിപ്പിക്കാനായി ജീവിക്കുന്നവൾ

May 16, 2017, 10:18 AM IST

A A A

ചിരിയുടെ ലോകത്തെ വ്യത്യസ്ഥയായൊരു യുവതിയുടെ കഥ

# അൽഫോൻസ പി. ജോർജ്ജ്



സർദാർജിമാർ ഫലിത പ്രിയരാണെന്നു എല്ലാവർക്കും അറിയാം. അപ്പോൾപ്പിന്നെ ഒരു സർദാർണി തന്റെ ജീവിതംതന്നെ മറ്റുള്ളവരെ ചിരിപ്പിക്കാനായി മാറ്റിവെച്ചാൽ അതിൽ അദ്ഭുപ്പെടാനൊന്നും ഇല്ല. സിനിമ ആസ്വാദനകലയുടെ അവസാനവാക്കായി നിലകൊള്ളുമ്പോൾത്തന്നെ വിദൂഷകവേഷംകെട്ടി (ക്ലൗണിങ്) ആളുകളെ ചിരിയുടെ ലോകത്ത് എത്തിക്കുന്നവൾ, ജനങ്ങളെ ചിരിപ്പിക്കാനായി 'പർപ്പിൾ മാംഗോസ്' എന്ന കമ്പനി തുടങ്ങിയവൾ, പഞ്ചാബിലെ അറിയപ്പെടുന്ന നാടക, സിനിമാ പ്രവർത്തകനായ ജി.എസ്. ജാനിയെന്ന അച്ഛന്റെ വഴിയെ നടന്ന മകൾ. മലയാളികളെ ചിരിപ്പിക്കാനായി കേരളത്തിലെത്തിയ പഞ്ചാബുകാരി സുഖ്മണി കൊഹ്ലി മനസ്സുതുറക്കുന്നു.

## എന്താണ് 'പർപ്പിൾ മാംഗോസ്'?

'പർപ്പിൾ മാംഗോസ്' ഒരു കമ്പനിയാണ്. സമൂഹത്തിന്റെ വ്യത്യസ്ത മേഖലയിൽപ്പെട്ട ആളുകളുടെ സമ്മർദം അകറ്റാൻ

സാധ്യമായത് ചെയ്യുകയാണ് കമ്പനിയുടെ ലക്ഷ്യം. ഇതിനായി ഞങ്ങളുടെ അനുഭവങ്ങൾ, സന്തോഷങ്ങൾ, വികാരങ്ങൾ എല്ലാം പങ്കുവെയ്ക്കുന്നു. മറ്റുള്ള എല്ലാ സമ്മർദങ്ങളിൽനിന്നും അകറ്റി വ്യക്തികളെ അവരായിത്തന്നെ നിലനിർത്തുകയാണ് 'പർപ്പിൾ മാംഗോസ്' ചെയ്യുന്നത്. ഇതിനായി ഞങ്ങൾ നാടകങ്ങളും ക്ലൗൺ ഷോകളും ചെയ്യുന്നു. നാടകങ്ങളെക്കുറിച്ചും ക്ലൗണിങ്ങിനെക്കുറിച്ചും വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു. താത്പര്യമുള്ള ആളുകൾക്ക് പരിശീലനം നൽകുന്നു.



## എങ്ങനെയാണ് 'പർപ്പിൾ മാംഗോസ്' എന്ന പേരിലേക്ക് എത്തിയത് ?

അതിനുപിന്നിൽ ഒരു കഥയുണ്ട്. അമ്മയാണ് എന്നോട് ഈ കഥ പറഞ്ഞത്. കഥ പറഞ്ഞ കാര്യമൊക്കെ അമ്മ മറന്നുപോയി. പക്ഷേ, ഇപ്പോഴും ഞാൻ  ആ കഥ ഓർമിക്കുന്നുണ്ട്. ഒരു ക്ലാസിൽ ഒരു കുട്ടി മാങ്ങയുടെ ചിത്രത്തിന് നിറം നൽകുകയായിരുന്നു.

പർപ്പിൾ കളറാണ് മാങ്ങയ്ക്ക് കുട്ടി നൽകിയത്. എന്നാൽ ഇത് കണ്ടതോടെ ടീച്ചർ കുട്ടിയെ ശകാരിച്ച് മാങ്ങയ്ക്ക് മഞ്ഞനിറം നൽകാൻ ആവശ്യപ്പെട്ടു. പക്ഷേ, അടുത്തതവണ മാങ്ങയ്ക്ക് നൽകിയത് നീല നിറമാണ്. ഇതു കണ്ട് മറ്റു കുട്ടികൾ തങ്ങൾക്ക് ഇഷ്ടമുള്ള നിറങ്ങൾ നൽകാൻ തുടങ്ങി.  ഈ കഥ നൽകുന്ന പാഠമെന്താണെന്നുവെച്ചാൽ ഒരാൾ വ്യത്യസ്ഥമായി, സർഗാത്മകമായി ചിന്തിക്കാൻ തുടങ്ങുമ്പോൾ ആദ്യം എതിർപ്പുകൾ ഉണ്ടാകും. പക്ഷേ, പിന്നീട് ലോകം മുഴുവനും അയാൾക്കൊപ്പം ചേരുന്നു.

## എന്താണ് ക്ലൗണിങ്?

മോഡേൺ ക്ലൗണിങ്, റെഡ് നോസ് ക്ലൗണിങ്, സീക്രട്ട് ക്ലൗണിങ് എന്നിങ്ങനെ മൂന്നുവിധത്തിലാണ് ക്ലൗണിങ് ഉള്ളത്. മുഖംമൂടിയില്ലാതെയാണ് ക്ലൗണിങ് ചെയ്യുന്നത്. സർക്കസിലേതുപോലെ വലിയ ഷൂവും മുഖംമൂടിയും  കൗതുകമുണർത്തുന്ന വസ്ത്രങ്ങളും ഉപയോഗിച്ചല്ല ഞങ്ങൾ ക്ലൗണിങ് ചെയ്യുന്നത്. മുഖംമൂടി ഒരു ആവരണമാണ്. സ്വയംരക്ഷയ്ക്കു വേണ്ടി എടുത്തണിയപ്പെടുന്ന ഒരാവരണം.

മുഖംമൂടി അഴിച്ചുമാറ്റി സ്വയം നിർമിച്ച ചട്ടക്കൂടിൽനിന്ന് എല്ലാവരും പുറത്തുവരണം. മുഖംമൂടിയും മേയ്ക്കപ്പും ഒന്നുമില്ലാതെത്തന്നെ സ്റ്റേജിൽ കയറി ആളുകളെ ചിരിപ്പിക്കാൻ എനിക്കാവുന്നുണ്ട്. എന്റെ അനുഭവങ്ങളും  എനിക്കറിയാവുന്ന കഥകളും പറഞ്ഞാണ് ഞാനിത് ചെയ്യുന്നത്. ജനങ്ങളുടെ മനസ്സിന്റെ ആഴങ്ങളിൽ വരെ തൊട്ട് അവരെ ചിരിപ്പിക്കുകയാണ് ക്ലൗൺ ഷോയിലൂടെ ചെയ്യുന്നത്. എല്ലാ സമ്മർദങ്ങളും അകറ്റി ആളുകളെ ഫ്രീയായി വിടുകയാണ് ക്ലൗൺ ഷോയുടെ ലക്ഷ്യം. വളരെ വൈകാരികതലത്തിൽ നിൽക്കുന്ന കലാരൂപമാണ് ക്ലൗൺ ഷോ.



## ക്ലൗൺ ഷോ ചെയ്യാൻ എന്തുകൊണ്ടാണ് ചുവന്ന മൂക്ക് തിരഞ്ഞെടുക്കുന്നത് ( red nose) ?

ചെറിയൊരു മുഖംമൂടികൊണ്ട് മൂക്കിനെ മറയ്ക്കുമ്പോൾ നിങ്ങൾ ഒരേസമയം മുഖംമൂടി ധരിക്കുകയും ധരിക്കാതെ ഇരിക്കുകയുമാണ് ചെയ്യുന്നത്. ഈ മുഖംമൂടി ഒരുപാട് സഹായിക്കും. പ്രത്യേകിച്ച് ഉന്നത അധികാരി വർഗങ്ങളെ ചോദ്യംചെയ്യാൻപോലും. പരമ്പരാഗത ഇന്ത്യൻ കലകൾ പരിശോധിക്കുകയാണെങ്കിൽ പ്രത്യേകിച്ച് നാടകങ്ങളിൽ ഒരു വിദൂഷകനെങ്കിലും ഉണ്ടായിരിക്കും.

വിദൂഷകന്റെ പ്രധാനപ്പെട്ട റോൾ രാജാവിനെ ചോദ്യം ചെയ്യുകയായിരുന്നു. രാജാവ് ഒരു വിഡ്ഢിയാണെന്നുപറയാൻ വിദൂഷകന് കഴിയുന്നതുപോലും അയാൾ ഒരു വിദൂഷകനായതുകൊണ്ടു മാത്രമാണ്. ഈ ചെറിയ മൂക്ക് ധൈര്യമായി ലോകത്തെ വിമർശിക്കാനുള്ള ആത്മവിശ്വാസമാണ് നൽകുന്നത്. ഹൃദയംകൊണ്ട് ഞാനൊരു ആക്റ്റിവിസ്റ്റാണ് അതോടൊപ്പം ഒരു കലാകാരിയും. ഈ ചെറിയ മുഖംമൂടി കലാപ്രവർത്തനങ്ങൾ നടത്തുമ്പോൾ എന്നിലെ ആക്റ്റിവിസ്റ്റിന് നൽകുന്ന ധൈര്യം ചെറുതല്ല.



## സിനിമ വിനോദത്തിന്റെ എല്ലാ സാധ്യതകളും ഉൾക്കൊണ്ടുകൊണ്ട് വളര ജനകീയമായൊരു മാധ്യമമായി നിലകൊള്ളുമ്പോൾ ക്ലൗണിങ്ങിന്റെ പ്രസക്തി എന്താണ്?

സിനിമ ജനകീയമായ സമൂഹത്തിൽ ക്ലൗൺഷോയുടെ പ്രസക്തി അത് വളരെ ലൈവ് ആണ് എന്നുള്ളതാണ്. ടിവിയിലും ടാബ്ലെറ്റിലും മൊബൈലിലുമൊക്കെയായി ജനങ്ങൾ സിനിമകളുടെ ലോകത്തേക്ക് ചുരുങ്ങുമ്പോൾ. ക്ലൗൺ ഷോയുടെ ഭാഗമാകാൻ വേണ്ടി ജനങ്ങൾ വീടുവിട്ട് പുറത്തിറങ്ങുന്നു, ഞങ്ങളുടെ വർക്ക്ഷോപ്പുകളിൽ പങ്കെടുക്കുന്നു. കുട്ടികൾ അടക്കമുള്ളവരെ ചിരിയുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോൾ പോലും ഞങ്ങൾ പങ്കുവെയ്ക്കുന്നത്, യഥാർഥ കഥകളും അനുഭവങ്ങളുമാണ്.

ജനങ്ങളെ ചിരിപ്പിച്ച് പിരിമുറുക്കങ്ങളിൽനിന്ന് സ്വതന്ത്രരാക്കുന്നത് ഭാവനകൾ ചിത്രീകരിച്ചമല്ല. ക്ലൗണിങ്ങിന്റെ ആത്മാവ് യാഥാർഥ്യത്തോട് അത് വളരെയധികം ചേർന്നു നിൽക്കുന്നു എന്നുള്ളതാണ്. അതുകൊണ്ടുതന്നെ വെർച്വൽ ലോകത്ത് ക്ലൗൺ ഷോ ഒരു അനിവാര്യതയാണ്.



## നാടകവും ക്ലൗണിങ്ങും തമ്മിലുള്ള വ്യത്യാസമെന്താണ് ?

ക്ലൗണിങ് എന്നാൽ നിങ്ങൾ നിങ്ങളായിരിക്കുകയാണ്. ക്ലൗണിങ്ങിന് തിരക്കഥകളൊന്നുമില്ല. പക്ഷേ, എന്താണ് ചെയ്യാൻപോകുന്നത് എന്നതിനെപറ്റി ഒരു ധാരണ നമ്മൾ ഉണ്ടാക്കിരിക്കുമെന്നുമാത്രം. ആളുകളെ ചിരിപ്പിക്കാൻ ചില തന്ത്രങ്ങളൊക്കെയാണ് സാധാരണ ഉപയോഗിക്കാറ്. തിരക്കഥയുടെ അഭാവത്തിൽ നൈസർഗികമായി പെരുമാറുകയാണ് ക്ലൗണിങ്ങിൽ ചെയ്യുന്നത്. നാടകത്തിൽ വ്യക്തമായ തിരക്കഥയുണ്ട് സംവിധായകനുണ്ട്.

ധാരാളം റിഹേഴ്സലുകൾക്കും പരിശീലനങ്ങൾക്കും ശേഷമാണ് ഒരു നാടകം കാഴ്ചക്കാരുടെ മുന്നിലേക്ക് എത്തുന്നത്. പ്രധാനവ്യത്യാസം ക്ലൗണിങ് എല്ലായ്പ്പോഴും ഹാസ്യാത്മകാണ് അല്ലെങ്കിൽ ഹാസ്യമാണ്. എന്നാൽ നാടകം ഒരിക്കവും ഹാസ്യമല്ലതാനും.



## എങ്ങനെയാണ് ഒരു വിദൂഷകയായത്?

ഈ മേഖല എനിക്ക് പാരമ്പര്യമായി കിട്ടിയതാണ്. അച്ഛനും അമ്മയും സഹോദരനും എല്ലാം നാടകവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. എന്റെ അമ്മാവൻമാരും ബന്ധുക്കളും ഉൾപ്പെടെയുള്ളവർ നാടകപ്രവർത്തകരാണ്.

പണ്ടൊക്കെ ഞങ്ങൾ കുടുംബമായി ഒന്നിച്ചുപോയി തെരുവുനാടകം കളിച്ചിരുന്നു. കുട്ടിക്കാലം മുതലെ അറിയാതെ തന്നെ ഈ കല എന്നോടൊപ്പം വളരുകയായിരുന്നു. എന്റെ അച്ഛനും അമ്മയും എന്താണോ ചെയ്തിരുന്നത് അതുതന്നെ ഞാനും ചെയ്തു. മറിച്ചൊന്നും ചെയ്യാനൊ പഠിക്കാനൊ എനിക്ക് തോന്നിയില്ല.

ക്ലൗണിൽ എന്നിലേക്ക് എത്തിയതിന് ശേഷവും ഞാൻ നാടകങ്ങളുടെ ഭാഗമായിട്ടുണ്ട്. പോർച്ചുഗീസ് ക്ലൗണിങ്ങിൽ നിന്നാണ് ഞാൻ ക്ലൗണിങ് പഠിക്കുന്നത്. പിന്നീട് ഞാൻ പുസ്തകങ്ങൾ വായിച്ചും ഇന്റർനെറ്റ് വഴിയും



എന്റെതായ രീതിയിൽ ക്ലൗണിങ്ങിനെക്കുറിച്ച് കൂടുതൽ പഠിച്ചു. 2011-ലാണ് ഞാൻ സ്വന്തമായി ക്ലൗൺ ഷോ ചെയ്യുന്നത്. പിന്നീട് ഈ നിമിഷംവരെ ക്ലൗണിങ് മാത്രമാണ്. ഞാൻ പറയുന്നതാകും ശരി.

## ക്ലൗൺഷോ എങ്ങനെയാണ് അവതരിപ്പിക്കുന്നത് ?

പിറന്നാൾ ആഘോഷങ്ങൾ, ആസ്പത്രികൾ, തെരുവുകൾ അങ്ങനെ ജനങ്ങൾക്ക് ചിരിക്കണമെന്നും സന്തോഷിക്കണമെന്നും തോന്നുന്ന സന്ദർഭങ്ങളിലൊക്കെ ഞാൻ ക്ലൗൺ ഷോ അവതരിപ്പിക്കാറുണ്ട്. ക്ലൗൺഷോ ചിരിയുടെയും സന്തോഷങ്ങളുടെയു മൊക്കെ കളർഫുളായൊരു ലോകത്തേക്കാണ് നമ്മളെ എത്തിക്കുന്നത്. കുട്ടികളൊക്കെ പൊട്ടിച്ചിരിക്കുന്നു. ഒരുപാട് സമ്മർദങ്ങളിൽനിന്നുള്ള സ്വയംരക്ഷപ്പെടലാണ് ഇത്തരം ചിരികൾ.

ആസ്പത്രികളിൽ ക്ലൗൺഷോ ചെയ്യുമ്പോൾ രോഗികളെ വലിയ സമ്മർദങ്ങളിൽ നിന്നുമാണ് മോചിപ്പിക്കുന്നത്, അൽപനേരത്തേക്കെങ്കിലും അവർ തങ്ങളുടെ വേദനകൾ മറക്കുന്നു. ഡോക്ടർമാരെക്കൊണ്ടു പോലും ക്ലൗൺഷോ അവതരിപ്പിക്കാറുണ്ട്.

## കുട്ടിക്കാലം, സ്കൂൾ, കുടുംബം ?

എന്റെ കുട്ടിക്കാലം വളരെ രസകരമായിരുന്നു. കാരണം, സാമൂഹികപ്രവർത്തകരായ മാതാപിതാക്കളുടെ മകളാണ് ഞാൻ. അതുകൊണ്ടുതന്നെ എനിക്കുചുറ്റും എപ്പോഴും ഒരുപാട് പേരുടെ സാനിധ്യമുണ്ടായിരുന്നു. അച്ഛനും അമ്മയ്ക്കുമൊപ്പം കുട്ടിയായ ഞാനും സമരങ്ങളിൽ പങ്കെടുത്തിരുന്നു. ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെത്തുടർന്ന് പഞ്ചാബിൽ നടന്ന അക്രമങ്ങളെ തുടർന്നുണ്ടായ പ്രതിഷേധങ്ങളിൽ അമ്മ സജീവമായി പങ്കെടുത്തിരുന്നു.

ഈ സമയങ്ങളിലൊക്കെ ഗ്രാമങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് കുട്ടികളെയൊക്കെ കൂട്ടി നാടകങ്ങൾ അവതരിപ്പിക്കുകയായിരുന്നു എന്റെ പ്രധാന പരിപാടി. പിന്നീട് സ്കൂളിൽ ചേർ ത്തപ്പോൾ ഞാൻ ചെന്നെത്തിയ വലിയ അനിശ്ചിതത്വങ്ങളിലേക്കാണ്. കാരണം, സ്കൂളിൽ നിറയെ നിയന്ത്രണങ്ങൾ, അത് ചെയ്യ രുത്, ഇത് ചെയ്യരുത്, ഇത്തരം അരുതുകളുടെ ലോകം എനിക്കത്ര പരിചിതമായിരുന്നില്ല. അങ്ങനെ സ്കൂൾ ഒരുവിധം തള്ളിനീക്കി. പക്ഷേ, ഒരു കോളേജിൽ ചേർന്ന് പഠിക്കേണ്ടെന്ന് ഞാൻ തീരുമാനിച്ചു. കൊടൈക്കനാലിലെ ഒരു ഓർഗാനിക്ക് ഫാമിലായിരുന്നു പിന്നീടന്റെ വിദ്യാഭ്യാസം.

കൃഷിയുൾപ്പെടെയുള്ളവ പഠിച്ചാണ് ഇവിടെനിന്ന് പുറത്തിറങ്ങിയത്. ജീവിതത്തിൽ പിന്നീട് ഞാനെന്തായിത്തീരണമെന്ന തീരുമാനമെടുക്കാൻ കൊടൈക്കനാൽ ജീവിതം എന്നെ ഒരുപാട് സഹായിച്ചു. എനിക്ക് ഒരു ബിരുദവും ഇല്ല. ഞാൻ പഠിച്ചതുമുഴുവൻ യാത്രകൾ ചെയ്തും ആളുകളെ പരിചയപ്പെട്ടുമാണ്.

## ജി.എസ്. ചാനി എന്ന അച്ഛനെക്കുറിച്ച് ?



ജി.എസ് ചാനി

എന്റെ ഏറ്റവും നല്ല സുഹൃത്താണ് എന്റെ അച്ഛൻ. എനിക്ക് ഇഷ്ടമുള്ളതു ചെയ്യാൻ എപ്പോഴും എന്റെ കൂടെ നിൽക്കുന്നൊരാൾ. കുട്ടി ക്കാലത്ത് ഞാൻ നാണം കുണുങ്ങിയായ കുട്ടിയായിരുന്നു. എന്റെ ഭയവും പേടിയും മാറ്റിയത് അച്ഛന്റെ കൂടെയുള്ള നാടക്കളരികളാണ്. ജന്മനാ തമാശക്കാരനാണ് അദ്ദേഹം. നാടകം ചെയ്യുന്നതിനോടൊപ്പം  ക്ലൗണിങ്ങും നന്നായി ചെയ്യും. ഞാനിന്ന് എന്തായിരിക്കുന്നുവോ അത് ജി.എസ്. ചാനിയുടെ മകളായതുകൊണ്ടുമാത്രമാണ്.

വിദൂഷകൻ നമുക്ക് വെറും കോമാളിമാത്രമാകുമ്പോൾ മൂക്കത്ത് ഒരു ചുവന്ന മുഖംമൂടി മാത്രം ധരിച്ച് സുഖ്മണി ചിരിയുടെ ലോകത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുന്നു. ചിരിയെ വേറിട്ട വഴിയിലൂടെ നടത്തുന്നു.അതൊരു സാമൂഹ്യ സേവനമാണെന്നു പറഞ്ഞു വെയ്ക്കുന്നു. എല്ലാത്തിലും ഉപരി വിദൂഷക കലയ്ക്ക് ഒരു വ്യക്തിത്വം നൽകുന്നു.

**ഫോട്ടോ കടപ്പാട് : ഫെയ്സ്ബുക്ക്**

Like 0

 